
# പ്രതിധ്വനി



ഡിജിറ്റൽ മാഗസിൻ

സെന്റ് മേരീസ് ജി എച്ച് എസ് എസ് പാലാ



ലിറ്റിൽ കൈറ്റ്സ് ക്ലബ് 2018-19

# സെന്റ് മേരീസ് ഗേൾസ് എച്ച്. എസ്. എസ്. പാലാ

MOTTO

PURITY CHARITY MODESTY









# കലാപ്രതിഭകൾ



# ഉള്ളടക്കം

നവമാധ്യമങ്ങൾ
ലേഖനം.....4

പരിസ്ഥിതി മലിനീകരണം
കുറിപ്പ്.....7

ജാനുവമ്മയും കൂട്ടുകാരും
കഥ.....9

പൊതുവിജ്ഞാനം
ഇന്ത്യ വാർത്താമാധ്യമരംഗം.....10

മലയാളം എന്ന അമ്മ
ലഘുലേഖനം.....11

മഹത്‌വചനങ്ങൾ.....13

മാനിന്റെ ദുരിതം
കഥ.....14

പൂജയ്ക്ക് കിട്ടിയ ശിക്ഷ
കഥ.....15

ലക്ഷ്യം ഉണ്ടെങ്കിൽ
കഥ.....16

ഒരു നിമിഷം
കവിത.....18

എന്റെ വിദ്യാലയം
ലേഖനം.....20


നമ്മുടെ സ്വന്തം മലയാളം
കവിത.....22

നവകേരളം എന്റെ ഭാവനയിൽ
ലഘു ഉപന്യാസം.....23

# നവമാധ്യമങ്ങൾ

## ലേഖനം

റിയാ സെബാസ്റ്റ്യൻ



മനുഷ്യൻ ഒരു സമൂഹജീവിയാണ്. സമൂഹം എന്നും പരിവർത്തനങ്ങൾക്ക് വിധേയമാണ്. ആ പരിവർത്തനങ്ങളിൽ[1] മാധ്യമങ്ങൾക്കുള്ള പങ്ക് അനന്യമാണ്. വിശപ്പ് മാറിയ മനുഷ്യനുണ്ടാക്കിയ ശബ്ദമാണ് ആദ്യ മാധ്യമം . കൂട്ടായ ജീവിതത്തിലൂടെ, പരിശ്രമത്തിലൂടെ അവൻ ഭാഷയും മാധ്യമങ്ങളും മെനഞ്ഞെടുത്തു. പ്രാകൃതശബ്ദങ്ങളിൽ നിന്നും പത്രം , റേഡിയോ, ടിവി എന്നുവേണ്ട ഇന്റർനെറ്റിൽ വരെ ഇന്ന് അവൻ എത്തിനിൽക്കുന്നു.

മാധ്യമങ്ങൾ ഇന്ന് വിവരങ്ങൾ കൈമാറുന്ന ഉപാധികൾ[2] മാത്രമല്ല. അവ പുതിയൊരു സംസ്കാരം തന്നെ ഇവിടെ രൂപപ്പെടുത്തിയിരിക്കുന്നു. മാധ്യമങ്ങൾ സൃഷ്ടിക്കുന്ന പുതിയ ആകാശത്തിലും, പുതിയ ഭൂമിയിലും സഞ്ചരിക്കുവാൻ നിർബന്ധിതരാകുന്ന നാം. അതിനാൽ ഈ മേഖല സംശുദ്ധമാവേണ്ടത് ഇന്നിന്റെ ആവശ്യമാണ്.

1 മാറ്റം

2 മാർഗങ്ങൾ

മാധ്യമങ്ങളിലെ അവതാരകരുടെ കൊഞ്ചിക്കുഴഞ്ഞുള്ള സംസാരവും, തെറ്റായ ഭാഷാപ്രയോഗങ്ങളും മൂല്യബോധമില്ലാത്ത കോമഡിഷോകളും കാർട്ടൂണുകളും സീരിയലുകളും ഇന്ന് നമ്മുടെ സമൂഹത്തെ സ്വാധീനിക്കുന്നു.
അവ മൂല്യശോഷണത്തിലേക്ക് നയിക്കുന്നു. കുടുംബങ്ങൾ പോലും ഇന്ന് വാണിജ്യവത്കരിക്കപ്പെടുകയാണ്.

കുഞ്ഞുണ്ണിമാഷിന്റെ ഈ വരികൾ ഏറെ പ്രസക്തമാണ്:

"ലോകമൊന്നായിരിക്കുന്നു
കമ്പികൊണ്ടും കമ്പിയില്ലാകമ്പികൊണ്ടും
കരളുകൊണ്ടല്ല."

അതെ ടി. വി. യുടെ ബന്ധനത്തിൽ ഇന്ന് കുടുംബബന്ധങ്ങൾ പോലും വിസ്മരിക്കപ്പെടുന്നു.


എന്നാൽ, ഇവയെക്കാളും വില്ലനായി മൊബൈൽ ഫോൺ ഇന്ന് രംഗപ്രവേശം ചെയ്തിരിക്കുന്നു. ഇതിൻെറ അതിപ്രസരത്തോടെ ബന്ധങ്ങൾ ശുഷ്കവും സങ്കുചിത[3]വുമായിരിക്കുന്നു. ഇതിന്റെ സ്വകാര്യത തന്നെയാണ് അതിന്റെ ഏറ്റവും വലിയ സാധ്യത. സമൂഹത്തെ നേർവഴിക്ക് നടത്തേണ്ട മാധ്യമങ്ങൾ ഇന്ന് അതിൻെറ ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിക്കുന്നു.
മാധ്യമങ്ങളെ നന്മയിലേക്ക് കൊണ്ടുവരാനും, അങ്ങനെ ശരിയായ സാമൂഹ്യമാറ്റത്തിന് വഴി തെളിക്കാനും തന്നാലാവും വിധം പരിശ്രമിക്കുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.

3 ഇടുങ്ങിയത്

# പരിസ്ഥിതി മലിനീകരണം

## കുറിപ്പ്

അമൃത ജെ



ലോകത്തിലെ ജനസാന്ദ്രത കൂടിയ രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ.എന്നാൽ മരണങ്ങളും മറ്റു ദുരന്തങ്ങളും ഉണ്ടാകുന്നത് പല കാരണങ്ങൾകൊണ്ടാണ്. അതിൽ ഒന്നാണ് പരിസ്ഥിതി മലിനീകരണം.പരിസ്ഥിതി മലിനീകരണം എന്നാൽ അത് മനുഷ്യനാൽ സൃഷ്ടിക്കപ്പെട്ട ഒരു ദുരന്തമാണ്.അതിന് ഇര ആകുന്നത് മനുഷ്യനും മറ്റ് ജീവികളുമാണ്.

പരിസ്ഥിതി മലിനീകരണം പല വിധത്തിലുണ്ട് .അതിൽ ഒന്നാണ് വായു മലിനീകരണം .വ്യവസായശാലകളിൽ നിന്നുമുള്ള വിഷവസ്തുക്കൾ വാതകങ്ങളായി വായുവിൽ അടങ്ങും,അത് മലിനീകരണത്തിന് കാരണമാകും . ഇതുപോലെ മറ്റ് പലതരം മലിനീകരണങ്ങൾ ഉണ്ട്.ജല മലിനീകരണം ,ശബ്ദ മലിനീകരണം എന്നിവ. മലിനീകരണം മൂലം ഒരോ ദിവസവും ഇന്ത്യയിലെ പല ഭാഗങ്ങളിലെ ജനങ്ങൾ ദുരിതം[4] അനുഭവിക്കുന്നുണ്ട്.

ഇന്നത്തെ കാലത്ത് മലിനീകരണം ഉണ്ടാകുന്നതിന്റെ

4 കഷ്ടപ്പാട്

വേറൊരു ഘടകമാണ് ഭക്ഷണ സാധനങ്ങളുടെ ശിഷ്ട[5]ഭാഗം വഴി വക്കിലും മറ്റും ഇടുന്നത്. ഇത് രോഗം വരാൻ കാരണം ആകുന്ന . പരിസ്ഥിതി നശിപ്പിക്കുന്നതിലൂടെ മനുഷ്യൻ സ്വയം നശിക്കുന്നു. അത് മനുഷ്യന് മാത്രമേ മാറ്റാൻ കഴിയൂ .അത് മാത്രമേ ഈ പ്രശ്നത്തിനു പരിഹാരമുള്ളൂ. ഭൂമിയെ രക്ഷിക്കുക എന്നത് നമ്മുടെ കടമയാണ്.



5 ബാക്കി

# ജ്ഞാനവമ്മയും കൂട്ടുകാരും

## കഥ

അർച്ചന ജിജി



ആടുകളെ വളർത്തി അവയുടെ പാൽ വിറ്റാണ് ജാനവമ്മയും മകനും ജീവിക്കുന്നത്. ഓമനിച്ച് വളർത്തുന്ന രണ്ടു ആടുകൾക്ക് ചിന്നുവെന്നും മിന്നുവെന്നും പേര് ഇട്ടു .വീട്ടുമുറ്റത്തെ ആൽമരത്തിൽ ഒരു അമ്മക്കിളിയും കുഞ്ഞിക്കിളിയും പാർത്തിരുന്നു.



ചിന്നുവും മിന്നുവും കിളികളും ജാനവമ്മയുടെയും മകന്റെയും കൂട്ടുകാരായി .ഒരിക്കൽ രണ്ടു കള്ളന്മാർ ആ വഴി നടന്നുപോവുകയായിരുന്നു .

"നാളെ ഇവിടുത്തെ അമ്പലത്തിൽ ഉത്സവമാണ് . എല്ലാരും ഉത്സവത്തിനുപോകും .നമുക്ക് ഈ വീട്ടിൽനിന്നു തുടങ്ങാം ."കള്ളന്മാർ മോഷണത്തിന് പദ്ധതിയിടുന്നത് ചിന്നു കേൾക്കുന്നുണ്ടായിരുന്നു .ചിന്നു കൂട്ടുകാരായ മിന്നുവാടിനോടും കിളികളോടും കാര്യം പറഞ്ഞു. നമുക്ക് എങ്ങനെയും ഇത് തടയണം. അവർ തീരുമാനിച്ചു .

പിറ്റേന്നു ജാനവമ്മയും മകനും ഉത്സവത്തിനു പോയി. അപ്പോൾ ചിന്നുവും മിന്നുവും വീടിനുള്ളിൽ കയറി. കള്ളന്മാർ വീടിനുള്ളിൽ കയറിയതും അവർ പാഞ്ഞുവന്നു.അവരെ കുത്തിമറിച്ചു. അവർ പുറത്തേക്കോടി.

# പൊതുവിജ്ഞാനം

കൃഷ്ണ അനീഷ്

## ഇന്ത്യ വാർത്താമാധ്യമരംഗം



.കോമഡി അടിസ്ഥാനമാക്കി നിർമ്മിച്ച ആദ്യ സീരിയൽ ?
ചാച്ചാ ചൗധരി

.ആദ്യത്തെ ആനിമേഷൻ സീരിയൽ ?
ഗയാബ് ആയ

.ആദ്യത്തെ സ്വകാര്യ വാർത്താ ചാനൽ ?
സീ ന്യൂസ്

.ആദ്യത്തെ വിദ്യാഭ്യാസ ചാനൽ ?
ഡി.സി 3

.ആദ്യത്തെ സ്വകാര്യ ചാനൽ ?
സീ.ടി .വി

.ആദ്യത്തെ ടെലിഫിലിം ?
സദ്ഗതി

# മലയാളം എന്ന അമ്മ

## ലഘുലേഖനം

ജിയാ ജോർജ്ജ്




ഇംഗ്ലീഷുകാരുടെ അടിമത്വത്തിൻ കീഴിൽ ദീർഘകാലം കഴിഞ്ഞതിനാൽ നമുക്ക് ലഭിച്ച ഒരു നേട്ടമാണ് ഇംഗ്ലീഷ് ഭാഷയുടെ പ്രചാരം. നമ്മുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഇംഗ്ലീഷ് സ്വാധീനം ചെലുത്തി. നമ്മുടെ മാതൃഭാഷയായ മലയാളത്തിലെ വ്യാകരണ കാര്യങ്ങളിൽ പോലും ഇംഗ്ലീഷ് സാന്നിധ്യം കാണാം . വിശ്വസാഹിത്യവും ശാസ്ത്രവിദ്യകളും നമുക്ക് പകർന്നു കിട്ടിയത് ഇംഗ്ലീഷ് എന്ന മാധ്യമത്തിലൂടെയാണ് . ആ നിലയ്ക്ക് ഇംഗ്ലീഷിനോട് നമുക്ക് കടപ്പാടുണ്ട്[6] .

6 നന്ദി

എന്നാൽ ഇന്ത്യയിലെവിടെയും ഇന്ന് ഓരോ ദേശത്തുമുള്ളവർ അവരുടെ മാതൃഭാഷക്ക് പ്രാധാന്യം കൊടുത്തുകാണുന്നു. ആ നിലയ്ക്ക് പ്രധാന കാര്യങ്ങളിലെല്ലാം ഇംഗ്ലീഷ് സ്വീകരിക്കുന്നത് ഉചിത[7]മാണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു . മലയാളം മറക്കുന്ന മലയാളി പെറ്റമ്മയെ മറക്കുന്ന കുഞ്ഞിന് തുല്യരാണ് .

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യന പെറ്റമ്മ തൻ ഭാഷ താൻ"

എന്ന കവിവാക്യം വളരെ അർത്ഥവത്താണ് .അതിനാൽ നമുക്കും മാതൃഭാഷയെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യാം.



7 യോജിച്ചത്

# മഹത്‌വചനങ്ങൾ

അന്ന സോണി



- "വിദ്യാർത്ഥികളേ ഭാരതത്തിൻെറ ഭാവി നിങ്ങളിൽ നിക്ഷിപ്തമാണ്." -ഗാന്ധിജി
- "ഒരു വിളക്ക് കത്തണമെങ്കിൽ ആരെങ്കിലും അതിൽ എണ്ണപകർന്നേ മതിയാവൂ."
  മദർ തെരേസ
- "സ്വയം ഹീനനെന്ന് കരുതുന്നവന് ഒരിടത്തുനിന്നും ഉത്തമരീതിയിലുള്ള ബഹുമാനംലഭിക്കുന്നില്ല."
  -മഹാഭാരതം
- "ആരും കാണാനില്ലാത്തപ്പോഴും തെറ്റ ചെയ്യാതിരിക്കുന്നതാണ് സത്യസന്ധത"
  -ജിംസ്റ്റെവാൾ
- "കരുത്തുറ്റ നൂറ് കരങ്ങളെക്കാൾ ഒരു നല്ല തലയാണ് വേണ്ടത്"
  -തോമസ്സ് ഫുള്ളർ

# മാനിന്റെ ദുരിതം

## കഥ



ജിയാ ജിജോ

കാട്ടിൽ ഒരു മാനും അതിന്റെ കുഞ്ഞും താമസിക്കുകയായിരുന്നു. മാൻ കുഞ്ഞിനോട് ഒരിടത്തും ഒറ്റയ്ക്ക് പോകരുതെന്നും പോയാൽ ആപത്തു വരുമെന്നും പറഞ്ഞു. അതുകേട്ട് മാൻ കുഞ്ഞ് തുള്ളിച്ചാടി നടക്കുന്നതിനിടയിൽ ഒരു അരുവി കണ്ടു. അരുവിയിൽ ഇറങ്ങി വെള്ളം കുടിക്കുന്നതിനിടയിൽ ഒരു കടുവ അതിനെ കണ്ടു. കടുവ മാൻകുഞ്ഞിനെ ലക്ഷ്യമാക്കി വന്ന് അതിനെ ചാടികടിച്ചു. അപ്പോൾ അവരുടെ വീടിനു മുകളിൽ താമസിക്കുന്ന കുരങ്ങച്ചൻ ആ വഴി വന്നു. കുരങ്ങച്ചൻ ഓടിച്ചെന്ന് അമ്മ മാനിനോട് കാര്യം പറഞ്ഞു. അമ്മ മാൻ ഓടിച്ചെന്ന് തൻെറ കുഞ്ഞിനെ ഒന്നും ചെയ്യരുതെന്നും പകരം തന്നെ തിന്നുകൊള്ളാനും കടുവയോട് കേണപേക്ഷിച്ചു. അതുകേട്ട് ദയ തോന്നിയ കടുവ അവരെ രണ്ടു പേരെയും വെറുതെ വിട്ടു. അമ്മ കുഞ്ഞിനെയുംകൊണ്ട് വീട്ടിലേക്കു പോയി.

ഗുണപാഠം :

മാതാപിതാക്കളെ അനുസരിക്കണം.

# പൂജയ്ക്ക് കിട്ടിയ ശിക്ഷ

**കഥ**

സാന്ദ്ര എസ്.



പൂജ ക്ലാസ്സിലെ ഏറ്റവുംവലിയപഠിത്തക്കാരിയാണ്. അവൾക്ക് മുകളിൽ ആരും ഇല്ലെന്നാണ് അവൾ ഓർത്തിരുന്നത് .

പൂജയ്ക്ക് എല്ലാവരോടും പുച്ഛമാണ് . ഒരു ദിവസം അവളുടെ ക്ലാസിൽ പുതിയ കുട്ടി വന്നു. അവളുടെ പേര് അമ്മു എന്നാണ്. പൂജയുടെ സ്വഭാവം അമ്മു ശ്രദ്ധിച്ചു.അമ്മു അക്കാര്യം ടീച്ചറിനോട് പറഞ്ഞു . ടീച്ചർ അവളോട് ചപ്പ് പെറുക്കാൻ പറഞ്ഞു. വൈകിട്ട് അവൾ കുറച്ചുനേരം ചപ്പ് പെറുക്കിയപ്പോൾ അമ്മു അവളെ സഹായിച്ചു. അപ്പോൾ പൂജയ്ക്ക് എല്ലാവരെയും സ്നേഹിക്കണം എന്ന് മനസ്സിലായി.അന്നുമുതൽ അവൾ നല്ല കുട്ടിയായി.

# ലക്ഷ്യം ഉണ്ടെങ്കിൽ

## കഥ

അഞ്ജന സുരേഷ്



ഒരിടത്തൊരു കുട്ടിക്കുരങ്ങ് ഉണ്ടായിരുന്നു.അവന് മരം കയറാൻ പേടിയാണ്.മറ്റു കുരങ്ങന്മാരൊക്കെ ചടപടാ മരം കയറുമ്പോൾ കുട്ടിക്കുരങ്ങൻമാത്രം പേടിച്ച് നിൽക്കും.കുട്ടിക്കുരങ്ങന്റെ ഈ സ്വഭാവം മാറ്റിയെടുക്കണമെന്ന് അമ്മക്കുരങ്ങ് തീരുമാനിച്ചു.

ഒരു ദിവസം കുട്ടിക്കുരങ്ങൻ മരച്ചുവട്ടിൽ കിടന്ന് ഉറങ്ങുകയായിരുന്നു.ഈ സമയം അമ്മക്കുരങ്ങ് പഴുത്ത കുറെ വാഴപ്പഴം ഒരു മരക്കൊമ്പിൽ കെട്ടിത്തൂക്കിയിട്ട് എങ്ങോട്ടോ പോയി.അല്പം കഴിഞ്ഞപ്പോൾ കുട്ടിക്കുരങ്ങ് ഉണർന്നു.അവൻ അമ്മയെ അന്വേഷിച്ചു.അമ്മയെ കാത്ത് അവൻ ഒരു മരച്ചുവട്ടിൽ ഇരിപ്പായി.പെട്ടെന്ന് അവന്റെ കണ്ണുകൾ മരത്തിനു മുകളിലെ പഴത്തിൽ ഉടക്കി.കുട്ടിക്കുരങ്ങ് കുറെ നേരം പഴവും നോക്കി ഇരുന്നു.അപ്പോഴേക്കും അവന് വിശപ്പ് സഹിക്കാൻ പറ്റാതായി.അവൻ പതുക്കെ പതുക്കെ താഴെയുള്ള കൊമ്പിലിരുന്ന് മെല്ലെ കൈകൾ നീട്ടി.അവൻ സൂക്ഷിച്ച് അടുത്ത കൊമ്പിൽ കയറി. എന്നിട്ടും പഴം കിട്ടിയില്ല. കൊതി അടക്കാനാകാതെ അവൻ പിന്നെയും പിന്നെയും കയറി.

ഒടുവിൽ അവൻ പഴത്തിനരികിലെത്തി.സന്തോഷത്തോടെ അവൻ അത് മുഴുവനും തിന്നു.അപ്പോഴാണ് അവൻ ഒരു കാര്യം ഓർത്തത്.താൻ മരത്തിനു മുകളിലെത്തിയിരിക്കുന്നു.മരം കയറാൻ ഇത്ര എളുപ്പമാണോ?അവൻ സ്വയം പറഞ്ഞു.അതോടെ അവന്റെ പേടി മാറി.അങ്ങനെ കുട്ടിക്കുരങ്ങൻ ഒരു പാഠം പഠിച്ചു.


**ലക്ഷ്യം ഉണ്ടെങ്കിൽ അസാദ്ധ്യമായത് ഒന്നുമില്ല.**



# ഒരു നിമിഷം

## കവിത

പവിത്ര രാജേഷ്



ഉയർന്ന മണ്ണിൽ നിന്നും,
പ്രകൃതിതൻ മടിയിലേക്ക്.
ഇളം കാറ്റ് തലോടി,
സമയത്തിനൊപ്പം പറന്നു.

ചില്ലകൾ കിളിർത്തി
ലകൾ തളിർത്തു,
പൂക്കൾ വിരിഞ്ഞു
കായ്കൾ പഴുത്തു.
ഒരായിരം മഴത്തുള്ളികൾ പതിച്ചു.
കിളികൾ കൂട്ടുകെട്ടി,
തെന്നൽ മന്ദഹസിച്ചു.
തണലേകി കുളിരേകി.

കാലങ്ങൾ കടന്നുപോയി,
വാനം പാടി, മേഘങ്ങൾ കരഞ്ഞു
കാറ്റ് താണ്ഡവമാടി,
ഇത്തരം ദുസ്സൂചനതൻ
പൊരുളന്വേഷിക്കവേ,

അനുഭവപ്പെട്ടു കൈകളിൽ വേദന
ശരീരമാകെ വിറയൽ!

അവസാന നിമിഷങ്ങൾ പുണരുകയോ?
ചിന്തിക്കുവാനൽപ്പനേരം തന്നീലാ അവൻ,
തീർത്തു ആ സ്വർഗ്ഗീയ ജീവിതം,
ഒറ്റമഴവിൻ തുമ്പിനാൽ



# എന്റെ വിദ്യാലയം

## ലേഖനം

ആഗ്നസ് തോമസ്



എന്റെ വിദ്യാലയം എനിക്കൊരു വീടുപോലെയാണ് . വീട്ടിൽ അച്ഛനും അമ്മയും സഹോദരങ്ങളുമാണല്ലോ ഉള്ളത് . വിദ്യാലയത്തിൽ എന്റെ അച്ഛനും അമ്മയും എന്റെ അധ്യാപകരാണ് . കൂട്ടുകാർ സഹോദരങ്ങളും. ഞങ്ങൾ സഹോദരങ്ങൾ തമ്മിൽ വഴക്കിടുമ്പോൾ അതിൽ ഇടപെട്ട് പരിഹാരം കണ്ടെത്തുന്നത് അമ്മയാണ്. വിദ്യാലയത്തിൽ കൂട്ടുകാർ തമ്മിൽ വഴക്കടിക്കുമ്പോൾ അതിൽ ഇടപെട്ട് പരിഹാരം കണ്ടെത്തുന്നത് ഗുരുവാണ്. ഞങ്ങളുടെ രണ്ടാമത്തെ വീടാണ് വിദ്യാലയം . വീടെന്നു പറഞ്ഞാൽ ഒരു സ്നേഹക്കൂടാരമാണ് .വിദ്യാലയവും അങ്ങനെ തന്നെ .

രണ്ടാമത്തെ ദൈവമാണ് അധ്യാപകർ ,ഞങ്ങളുടെ വഴിക്കാട്ടി . അന്ധകാരത്തിൽ നിന്നു പ്രകാശത്തിലേക്ക് നയിക്കുന്നവരാണ് ഗുരുക്കന്മാർ. അവരെ നമ്മൾ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

വീട്ടിൽ അമ്മയോട് ദുഃഖങ്ങൾ പങ്കുവയ്ക്കുന്നതുപോലെ വിദ്യാലയത്തിൽ അദ്ധ്യാപകരോട് സന്തോഷവും സങ്കടവും പങ്കുവയ്ക്കുന്നു. സഹോദരങ്ങളായ കൂട്ടുകാരോടും എല്ലാം പങ്കുവയ്ക്കുന്നു. .വിദ്യാലയമെന്ന മഹാഭവനത്തിൽ ഞാനൊന്നേ പഠിച്ചിട്ടുള്ളു. അത് സ്നേഹമാണ് . മറ്റുള്ളവരെ സ്നേഹിക്കുക , സഹായിക്കുക , നന്മ ചെയ്യുക, തെറ്റു തിരുത്തുക , ഇവയെല്ലാമാണ് ഞാൻ എന്റെ വിദ്യാലയത്തിൽ നിന്നു പഠിച്ചിട്ടുള്ളത് . ആ വീട്ടിൽ സമ്പന്നനെന്നോ ദരിദ്രനെന്നോ നോക്കി ഒന്നുംചെയ്യാറില്ല. അവിടെ ഞങ്ങൾ പൂന്തോട്ടത്തിലെ പൂക്കൾ പോലെയാണ് .

വിദ്യാലയം ഒരു സ്വർഗ്ഗമാണ്. സ്വർഗ്ഗത്തിലെ ദൈവം അദ്ധ്യാപകരും മാലാഖാമാർ ഞങ്ങൾ ഒരോരുത്തരുമാണ്. മാലാഖാമാർ ചെയ്യുന്നത് എന്തെല്ലാമെന്ന് അറിയാമല്ലോ ? ദൈവത്തെ സ്തുതിക്കുന്നു. അപ്പോൾ മാലാഖമാരായ ഞങ്ങൾ ഞങ്ങളുടെ ദൈവമായ അദ്ധ്യാപകരെ ആദരിക്കുകയും അനുസരിക്കയും ചെയ്യുന്നു. ഒന്ന് ഓർത്ത് നോക്കു,അറിവുകൾ നമുക്ക് ലഭിക്കുന്നത് എവിടെനിന്ന് ? ഗുരുക്കന്മാരിൽ നിന്ന്. അവിടുത്തെ സഹപാഠികൾ എല്ലാം ഒരു കൂട്ടായ്മയാണ്. കൂട്ടായ്മയിൽ ഞങ്ങൾ ഒന്നിച്ച് പ്രവർത്തിച്ച് ,സ്നേഹിച്ച്, സഹകരിച്ച് ,വീഴുന്നവരെ താങ്ങിയെടുക്കുന്നതൊക്കെയാണ് ഞങ്ങളുടെ രീതി . അറിയത്തില്ലാത്തവരെ പഠിപ്പിച്ച് ,മിടുക്കരാക്കിയാണ് ഞങ്ങളുടെ ശീലം .ഒരിക്കലും മറക്കാനാവാത്ത അനുഭവങ്ങളാണ് വിദ്യാലയത്തിൽ ഉള്ളത്. വിദ്യാലയം ഒരു വീടാണ് . നമുക്കൊരുമിച്ച് ആ വീട് ഒരു സ്വർഗ്ഗമാക്കുകയും ചെയ്യാം .



# നമ്മുടെ സ്വന്തം മലയാളം

## കവിത

മരിയ പീറ്റർ




കഥകളി തന്നുടെ നാടാണേ
കഥകളുറങ്ങും മലയാളം
സ്നേഹം കാക്കും നാടാണേ
കവിത തുളുമ്പും മലയാളം

പച്ചപ്പാർന്നൊരു നാടാണേ
സസ്യസമൃദ്ധം മലയാളം
ഒഴുകും പുഴയുടെ നാടാണേ
അഴകിന്നഴകാം മലയാളം

കേരവൃക്ഷം തിങ്ങും നാടാണേ
പൂക്കതിരിൻ മലയാളം
ദൈവത്തിൽ പ്രിയ നാടാണേ
നമ്മുടെ സ്വന്തം മലയാളം

# നവകേരളം എന്റെ ഭാവനയിൽ

## ലഘു ഉപന്യാസം

അഞ്ജന ജോഷ്വ



ആധുനിക കേരളം പുരോഗതിയിൽ നിന്നും പുരോഗതിയിലേക്ക ഉയർന്നുകൊണ്ടിരിക്കുന്നു. ശാസ്ത്രം വികസിക്കുമ്പോൾ ലോകം മനുഷ്യൻെറ വിരൽത്തുമ്പിലേക്ക ചുരുങ്ങുന്നു . എന്നാൽ ഈയൊരവസരത്തിൽ എന്താണ് കേരളത്തിന് സംഭവിച്ചത് .


1924 ന ശേഷമുണ്ടായ ഏറ്റവും വലിയ വെള്ളപ്പൊക്കമാണ് ഇക്കഴിഞ്ഞ ഓഗസ്റ്റ് മാസം ഉടലെടുത്തത് . പ്രളയം കുഴിച്ചുമറിച്ചിട്ട മണ്ണിൽനിന്നു നാം ഗാഢമായി ആഗ്രഹിക്കുന്നത് പുതിയൊരു കേരളത്തിന്റെ നിർമ്മിതിതന്നെയാണ് . ആ മഹാപ്രളയത്തിൽ കേരളം

ദുരന്തത്തിലാകുകയായിരുന്നു, അതിവർഷം പൊട്ടിയിറങ്ങിയ മഴവെള്ള പാച്ചിലുമായി കലിതുള്ളിപുഴ. നാടു നിറഞ്ഞു. ഒന്നാംനിലയും രണ്ടാംനിലയും മുങ്ങി. പടിവാതിൽ വരെ മണ്ണുനിറഞ്ഞു. ഈയൊരവസരത്തിൽ നമ്മെ രക്ഷിക്കാൻ നല്ല മനസ്സോടെ മുന്നിട്ടിറങ്ങിയത് മത്സ്യതൊഴിലാളികൾ മാത്രമായിരുന്നു. അവർ ഒന്നിച്ചുകൂടി നവകേരള സൃഷ്ടിക്കായി .
അവിടെ മതമില്ല ജാതിയില്ല .

നവകേരളസൃഷ്ടിക്കായി നാം ഒന്നായി കൈകോർക്കണം . പുതിയൊരു ജീവനിലേക്കായി . നമ്മുടെയെല്ലാം പുനർജീവനമാണ് ഇനിയാവശ്യം . നാം ഇനിയും വളരണം . പക്ഷെ അത് പ്രകൃതിയെ ചൂഷണം ചെയ്തുകൊണ്ടാകരുത്. അതിനായി നമുക്ക്കൈകോർക്കാം .നല്ലൊരു നാളേക്കായി പുതിയൊരു നവകേരളത്തിനായി....



i



സെൻറ് മേരീസ് ജി. എച്ച്. എസ്. എസ്.

പാലാ